# കനവ്

## തൃച്ചേന്ദമംഗലം ഗവ.എച്ച്.എസ്.എസ് പെരിങ്ങനാട്



LK BATCH 2022-25




മലയോര ജില്ലയായ പത്തനംതിട്ടയുടെ ഹൃദയ ഭാഗമായ അടൂർ താലൂക്കിൽ പള്ളിക്കൽ പഞ്ചായത്തിൽ പെരിങ്ങനാട് സ്ഥിതി ചെയ്യുന്ന ഒരു ഗവ. വിദ്യാലയമാണ് തൃച്ചേന്ദമംഗലം ഗവ.ഹയർസെക്കണ്ടറി സ്കൂൾ.അടൂരിൽ നിന്ന് 5 കിലോമീറ്റർ പടിഞ്ഞാറോട്ട് വന്നാൽ ശാന്തസുന്ദരമായ പെരിങ്ങനാട് ഗ്രാമം. ഭക്തിയും കലയും സമന്വയിപ്പിക്കുന്ന ശാലീനതയുടെ പ്രതീകം.മധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ മഹാദേവ ക്ഷേത്രം. ക്ഷേത്രത്തിൽ നിന്നുള്ള നമ:ശിവായ ജപം എല്ലാ മനസുകളിലും ഭക്തിയുടെ നിറമാല ചാർത്തുന്നു.ക്ഷേത്രത്തോട് ചേർന്നു സ്ഥിതി ചെയ്യുന്ന സ്കൂൾ... കുരുന്നു മനസ്സുകൾക്ക് അറിവിന്റെ നെയ്ത്തിരിനാളം തെളിയിക്കുന്ന സരസ്വതീക്ഷേത്രം.1896-ൽ സ്ഥാപിച്ച ആയിരകണക്കിന് കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ പഠന-പാഠ്യേതര പ്രവർത്തനങ്ങൾ നിസ്സീമ മായി നടക്കുന്നു. പത്തനംതിട്ട ജില്ലയിലെ ഏറ്റവും കൂടുതൽ പിന്നോക്ക സമുദായത്തിലെ കുട്ടികൾ ഉള്ള വിദ്യാലയങ്ങളിലൊന്നാണ്




നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ സരസ്വതി ക്ഷേത്രം1896 ൽ അന്ന് കൊല്ലം ജില്ലയിലായിരുന്ന പെരിങ്ങനാട് ആരംഭിച്ചതായി പറയപ്പെടുന്നു.പുത്തൻവീട് എന്നു പേരുകേട്ട തറവാടാണ് സ്കൂൾ തുടങ്ങാനാവശ്യമായ സ്ഥലം ആദ്യം നൽകിയത്.



കെ. പുഷ്പാംഗദൻ
(ഹെഡ് മാസ്റ്റർ)

# സന്ദേശം

2022 -25ലെ LK ബാച്ചിൻ്റെ തനത് പ്രവർത്തനമായ Digital Magazine കുട്ടികൾക്ക് IT മേഖലയിലേക്കുള്ള ഒരു ചുവട് വയ്പാണ്





ഷീജ പദ്മം
(സീനിയർ
അസിസ്റ്റൻ്റ്)

# ആശംസകൾ

2022 -25ലെ LK
ബാച്ചിൻ്റെ തനത്
പ്രവർത്തനമായ Digital
Magazine ന് എല്ലാവിധ
ആശംസകളും നേരുന്നു





# മലയാളം

മലയാളമേ വന്ദനം.
എൻ ദേശ ഭാഷേ
വന്ദനം.
നിൻ സൗന്ദര്യം
എൻ മനം
കവരുമ്പോൾ
നിന്നെ ഞാൻ
ആരാധിക്കുന്നു.
പാടവും പറമ്പും
നിറഞ്ഞൊരെൻ
മലയാള നാടെന്തു
ഭംഗി.നീകേരളത്തി
നഭിമാനം.നീ എൻ
ദേശഭാഷ.

പാർവ്വതി.യു

## പേനയു പുസ്തകവും

പേന അമ്മയാണ്
പുസ്തകം അച്ഛനാണ്
പേന വരികളെ പ്രസവിച്ചിടുന്നത്
പുസ്തകത്തിന്റെ കൈകളിലേക്കാണ്.
എന്റെ ചിന്തകൾ സഞ്ചരിച്ച്
ആരുടെയൊക്കെയോ ചിന്തകളിൽ
ചേക്കേറുമ്പോൾ
ഈ അച്ഛനും അമ്മയുമാണല്ലോ ചിന്തകളുടെ
കൈകളിൽ പിടിച്ച്
പുതിയ പാതകളിലേക്ക്
അവനെ നയിക്കുന്നത്

അനന്യ.എസ്സ്

# ഹസ്സന്റെ ആഗ്രഹം

പണ്ട് ടാൻസാനിയ എന്ന് രാജ്യത്ത് ഹസ്സൻ എന്ന് ഒരു കച്ചവടക്കാരൻ  ഉണ്ടായിരുന്നു. ഒരു ദിവസം ഹസ്സൻ കച്ചവടം കഴിഞ്ഞ വീട്ടിലേക്ക് പോകുന്ന വഴിയിൽ ഒരു കൊട്ടാരം കണ്ടു.
അയാൾ ഇതു വരെ
ആ സ്ഥലത്ത് അങ്ങനെയൊരു കൊട്ടാരം കണ്ടിട്ടില്ല.
അപ്പോഴേക്കും
ഹസ്സന്റെ കുതിര സംസാരിക്കാൻതുടങ്ങി.കുതിര പറഞ്ഞു ഇത് 100 വർഷത്തിൽ ഒരിക്കൽ മാത്രം പ്രത്യക്ഷപ്പെടുന്ന കൊട്ടാരമാണ് ഇതിനോട് എന്താഗ്രഹം പറഞ്ഞാലും സാധിക്കും അങ്ങനെയാണ് എനിക്ക് സംസാരിക്കാൻ കഴിഞ്ഞത്.പക്ഷേ ഒരാഗ്രഹമേ സാധിക്കുകയുള്ളു.ഹസ്സന് വളരെ സന്തോഷമായി. ഹസ്സൻ പറഞ്ഞു
എന്നാൽ ഞാനും ആലോചിക്കട്ടെ എന്ത് ആഗ്രഹം പറയണമെന്ന്. അങ്ങനെ ഹസ്സൻ ആലോചിക്കാൻ തുടങ്ങി പക്ഷേ ഹസ്സൻ ആലോചിക്കുന്നതിനിടയിൽ കുതിര ഓരോ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.ഇതുകേട്ട് ദേഷ്യം വന്ന് ഹസ്സൻ പറഞ്ഞു. നീയൊന്ന്  മിണ്ടാതിരിക്ക് ഞാൻ ആലോചിക്കട്ടെയെന്ന്. പറഞ്ഞതോടെ കുതിരയുടെ സംസാരശേഷിയും പോയി ഹസ്സന്റെ അവസരവും നഷ്ട്മായി.അവർ നിരാശയോടെ വീട്ടിലേക്ക് മടങ്ങി.

SAKETH RAMESH

# SUMMER REFASHIONED

summers no longer come with
Beautiful smiles of blooming flowers
and soothing embrace of cool winds.
it stays too  long for the leaves,
to turn green to yellow to brown.
Fresh and green mother earth
metamorphose into red-hot flaming
tartarus.
Hands that till the feilds
caress the thirsty earth,
with false promises of showers,
while their eyes linger on every grey
cloud
that passes by,weeping softly,
allowing their tears of regret fall
to meet her dry lips in a brief kiss.
Indoors we stay,in our cozy cocoons
beneath a mighty spinning fan,
we fret over our tanned skin.
Rubbing in lotions,we cuss at “the
weather’’
while mother earth burns and burns
with none to fan or shade her bosom
Her youthful skin wrinkles and cracks
And her parched throat yearn
For a drink of water.
And yet all we do is blame ‘‘the
weather”

HASNA

# LK MEMBERS









*THANK YOU*